# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 6461　　　08.11.2016- ൽ മറുപടിക്ക്**

**മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിലെ ഒഴിവുകൾ**

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) സ്റ്റാഫ് റൂൾ സെറ്റിൽമെന്റ് പ്രകാരം മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിൽ ഓഫീസ് ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടോ; അവ റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) സ്റ്റാഫ് വിഭാഗം ദീർഘകാല കരാർ അനുസരിച്ച് മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിൽ ഓഫീസ് ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ട്. എല്ലാ സഹകരണ സ്പിന്നിംഗ് മില്ലുകളിലും സഹകരണ നിയമപ്രകാരം സെക്ഷൻ 80 നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സെക്ഷൻ 80 നടപ്പിലാക്കുമ്പോൾ മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിലെ ജീവനക്കാരുടെ എണ്ണം ആനുപാതിക മായി നിജപ്പെടുത്തുന്നതാണ്. ഇതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിനായി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് നിലവിൽ വന്നത് ; ഇതിനകം എത്ര പേരെ നിയമിച്ചിട്ടുണ്ട് ; | (ബി) റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. 30.12.2014 ന് റാങ്ക് ലിസ്റ്റ് നിലവിൽ വന്നു. ഇതിനകം 2 പേരെ നിയമിച്ചിട്ടുണ്ട്. |
| (സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും നിയമനങ്ങൾ നടത്തുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ; | (സി) സഹകരണ മില്ലുകളിൽ സെക്ഷൻ 80 പ്രകാരമുള്ള വേതന ഘടന നിലവിൽ വരുമ്പോൾ അംഗീകരിച്ച തസ്തികകളിൽ മാത്രം ഒഴിവുകൾ വരുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. |
| (ഡി) നിയമനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസുകൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ ? | (ഡി) നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള റാങ്ക് പട്ടികയിലെ രണ്ട് വ്യക്തികൾ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ ഹൈക്കോടതിയിൽ നിലവിലുണ്ട്. ആയതിന്മേൽ അന്തിമ വിധി ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ